"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ്-ജലഗതാഗതം-ശ്രീ.പി.എസ്.ബാബു ഫയൽ ചെയ്ത OA-2060/2021 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 14/09/2022-ൽ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശം പാലിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1/2024/TRANS തീയതി,തിരുവനന്തപുരം, 01-01-2024

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA-2060/2021 നമ്പർ കേസിൽ 14/09/2022-തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്
2. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 12/01/2023-ലെ ഇ2-7848/2020 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ഡ്രൈവർ തസ്തികയിൽ ലഭിച്ചിരുന്ന ശമ്പള നിരക്കിൽ 18 വർഷത്തെ സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.പി.എസ്.ബാബു നൽകിയ അപേക്ഷയിന്മേൽ (അനുബന്ധം A6) ഉചിതമായ നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത OA (Ekm) 2060/ 2021 നമ്പർ കേസിൽ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അനുബന്ധം A6 പരിഗണിക്കാനും അപേക്ഷകനെ നേരിൽ കേട്ട് കോടതി ഉത്തരവ് ലഭിച്ച് 4 മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനും ഒന്നാം കക്ഷിയായ സർക്കാരിനോട് നിർദേശിച്ചിരുന്നു. പ്രസ്തുത കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പ് അണ്ടർ സെക്രട്ടറി 18/12/2023-ൽ ശ്രീ. പി.എസ്. ബാബു, സംസ്ഥാന ജലഗതാഗത വകുപ്പ് പ്രതിനിധീകരിച്ച് ഹാജരായ ശ്രീമതി.ജ്യോതി എസ് നായർ എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ.പി.എസ്.ബാബു ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

**1.** ശ്രീ . പി.എസ്. ബാബു താൻ 15.09.1981-ൽ സംസ്ഥാന ജല ഗതാഗത വകുപ്പിൽ 310 -490 രൂപ ശമ്പള സ്കെയിലിൽ ഡ്രൈവർ ഗ്രേഡ് 2 ആയി ജോലിയിൽ പ്രവേശിച്ചു എന്നും 06.9.1988 അന്തർവകുപ്പ് സ്ഥലംമാറ്റം വഴി കൃഷിവകുപ്പിൽ ബോട്ട് ഡ്രൈവറായി ജോലിയിൽ പ്രവേശിച്ചു എന്നും അപ്പോൾ രണ്ടു വകുപ്പിലും ഡ്രൈവർ ഗ്രേഡ് 2 ന്റെ ശമ്പളം 310 -490 എന്ന ഒറ്റ സ്കെയിലിൽ ആയതുകൊണ്ടാണ് തനിക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിച്ചതെന്നും ബോധിപ്പിക്കുകയുണ്ടായി. രണ്ട് വകുപ്പിലെയും സേവനം കണക്കാക്കി 15.09.1991 ൽ 10 വർഷത്തെ സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ ലഭിക്കുകയും (865 -1450 ) എന്നാൽ കൃഷി വകുപ്പിലെ ബോട്ട് കേടുപാട് തീർത്ത് ഓടിക്കാൻ പറ്റാത്തതിനാൽ തനിക്ക് ലീൻ ഉള്ള മാതൃവകുപ്പിലേക്ക് തിരിച്ചുവരികയും ചെയ്തു. GO (P) 3000/ 1998 പേ റിവിഷൻ ഓർഡർ പ്രകാരം

സംസ്ഥാന ജലഗതാഗത വകുപ്പിൽ ഡ്രൈവർ ഗ്രേഡ് 2 ന്റെ സ്കെയിൽ 3350 -5275 ഉം 18 വർഷത്തിന്റേത് 4600 -7125 ഉം ആയിരുന്നു. താൻ 06.9.1999-ൽ മാതൃവകുപ്പിലേക്ക് തിരികെ വന്നപ്പോൾ അടിസ്ഥാന ശമ്പളം ആയിരുന്ന 4085 എൻടി പോസ്റ്റ് സ്കെയിൽ ആയ 3350 - 80 -3850 -85 -5275 എന്ന സ്കെയിലിൽ തെറ്റായി നിജപ്പെടുത്തുകയായിരുന്നു.

**2.** 1981-ൽ സർവീസിൽ പ്രവേശിച്ച് 1999 വരെ 18 വർഷത്തോളം സർവീസ് ഉണ്ടായിരുന്ന തന്റെ ശമ്പള സ്കെയിലിൽ 10 വർഷത്തെ ഗ്രേഡ് പ്രൊമോഷൻ സ്കെയിൽ ആയ 4000 - 6090 എന്ന സ്കെയിലിൽ നിജപ്പെടുത്താതെ എൻടി പോസ്റ്റ് സ്കെയിലിൽ നിജപ്പെടുത്തുകയും ബേസിക് പേ 4290 ആയി നിശ്ചയിക്കുകയും ചെയ്തത് അനീതി ആണെന്നും പറയുകയുണ്ടായി . 01.9.2000-ൽ വാർഷിക ഇൻക്രെമെന്റ് കിട്ടി ശമ്പളം 4390 ആയി ഉയരുകയും 12.1.2001-ൽ ബൈ ട്രാൻസ്ഫർ പ്രൊമോഷൻ വഴി ക്രിമിനൽ ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റിൽ LDC ആയി ജോലി ലഭിക്കുകയും ചെയ്തു. മേൽ വിവരങ്ങൾ മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽ അന്നുമുതൽ കൊണ്ട് വന്നിട്ടുള്ളതാണെന്നും അറിയിക്കുകയുണ്ടായി.

2) ശ്രീ.പി.എസ് ബാബു 15/09/1981-ൽ സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ഡ്രൈവർ തസ്തികയിൽ പ്രവേശിക്കുകയും കൃഷി വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് ശ്രീ.പി.എസ് ബാബു 05/09/1988-ൽ സംസ്ഥാന ജലഗതാഗത വകുപ്പിൽ നിന്നും വിടുതൽ ചെയ്തതായും 06/09/1988-ൽ ടിയാൻ കൃഷി വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതായും സർവ്വീസിൽ 10 വർഷം പൂർത്തിയാക്കിയ 15/09/1991-ൽ കൃഷി വകുപ്പിൽ 865-1450 രൂപ ശമ്പള നിരക്കിൽ 10 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് നൽകിയിട്ടുള്ളതായും 06/09/1999-ൽ കൃഷി വകുപ്പിൽ നിന്നും സംസ്ഥാന ജലഗതാഗത വകുപ്പിൽ ബോട്ട് ഡ്രൈവർ തസ്തികയിൽ തിരികെ പ്രവേശിക്കുകയും കൃഷി വകുപ്പിൽ വാങ്ങിയിരുന്ന അതേ ശമ്പള നിരക്കായ 3350-5275 രൂപ ശമ്പള നിരക്കിൽ ശമ്പളം നിജപ്പെടുത്തിയിരുന്നതായും തുടർന്ന് ടിയാന് 15/09/1999-ൽ 18 വർഷത്തെ ഹയർ ഗ്രേഡ് 4000-6090 രൂപ ശമ്പള നിരക്കിൽ നൽകിയിട്ടുള്ളതായും ശ്രീ.പി.എസ്. ബാബുവിന്റെ സേവനപുസ്തകം, ശമ്പള പരിഷ്കരണ ഉത്തരവുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ടിയാന് 4600 -7125 രൂപ ശമ്പള നിരക്കിൽ 18 വർഷത്തെ ഹയർഗ്രേഡ് നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) ശ്രീ.പി.എസ്. ബാബുവിന് കൃഷിവകുപ്പിൽ നിന്നും തിരികെ ജലഗതാഗതവകുപ്പിൽ നിയമനം നൽകിയിട്ടുള്ളത് പുനർനിയമനത്തിന് ബാധകമായ ഏതെങ്കിലും ചട്ടങ്ങളുടെ അടിസ്ഥാനത്തിലല്ല. ആയതിനാൽ തന്നെ ടിയാന്റെ അപ്രകാരമുള്ള നിയമനത്തിന് ശമ്പള നിർണയം അനുവദിക്കുന്നത് ചട്ടപ്രകാരം സാധ്യവുമല്ല. എന്നാൽ സംസ്ഥാന ജലഗതാഗത വകുപ്പിലെ സേവനം കൃഷി വകുപ്പിൽ ഇൻക്രിമെന്റ്, ലീവ് , പെൻഷൻ, ഗ്രാറ്റുവിറ്റി മുതലായവയ്ക്ക് കണക്കാക്കുന്നതാണ്. ശ്രീ.പി.എസ്. ബാബുവിന് ജലഗതാഗതവകുപ്പിൽ നിന്നും കൃഷിവകുപ്പിലേക്കുള്ള അന്തർവകുപ്പ് സ്ഥലം മാറ്റത്തെത്തുടർന്ന് കൃഷിവകുപ്പിൽ അർഹമായ ആനുകൂല്യങ്ങൾ, സംസ്ഥാന ജലഗതാഗതവകുപ്പിൽ തുടർന്നും ലഭിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

4) ശ്രീ.പി.എസ്.ബാബു ഹിയറിംഗ് വേളയിലും രേഖാമൂലവും ഉന്നയിച്ച വാദഗതികളുടേയും സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയ

റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ജലഗതാഗതവകുപ്പിൽ നിന്നും കൃഷി വകുപ്പിലേക്ക് ജോലിയിൽ പ്രവേശിച്ച 06.09.1988 മുതൽ തിരികെ വീണ്ടും സംസ്ഥാന ജലഗതാഗതവകുപ്പിൽ ജോലിയിൽ പുനഃപ്രവേശിച്ച തീയതിയായ 07.06.1999 വരെയുള്ള കാലയളവ് ടിയാൻ കൃഷിവകുപ്പിൽ ജോലിയിൽ പ്രവേശിക്കാതെ ജലഗതാഗത വകുപ്പിൽ തന്നെ തുടർന്നിരുന്നു എന്നത് നോഷണലായി കണക്കാക്കി ജലഗതാഗത വകുപ്പിൽ ശമ്പളനിർണ്ണയം നടത്തുന്നതിന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശം പാലിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ജയന്തി സുധാകരൻ കെ എ എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്:-
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ(With SB)
ശ്രീ.പി.എസ്.ബാബു, പണ്ടാരപ്പറമ്പിൽ ഹൗസ്, പൊന്നാരിമംഗലം, മുളവുകാട് -682504, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (ADV-A2/164/2023-P&ARD dated.07.09.2023.
ധനകാര്യ വകുപ്പ് (I&PW-A1/28/2022-FIN dated.18.11.2023)
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rekha S
Date: 03-01-2024 11:41:38
സെക്ഷൻ ഓഫീസർ